**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 415** **20-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വൻ തോതിൽ ടൂറിസ്റ്റുകൾ എത്തുന്ന സാഹചര്യം പരിഗണിച്ച് അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ ടൂറിസം ഡെസ്റ്റിനേഷനുകൾ ആക്കുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരെഞ്ഞെടുത്ത പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ / ലൊക്കേഷനുകളിൽ വിനോദസഞ്ചാര ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ടൂറിസം ഹബ്ബുകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി പ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. ഹെറിറ്റേജ് ടൂറിസം |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി , ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ നടപ്പിലാക്കി വരുന്നു. മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ രണ്ട് പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നിലവിലുള്ള ഗസ്റ്റ്ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ്ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും വകുപ്പ് നടപ്പിലാക്കി വരുന്നു. അതിൽ ഇടുക്കി, ആതിരപ്പള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസുകളും, സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചു വരുന്നു. കൂടാതെ KTDC മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.<br><br>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും വിവിധങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന 'മായാ' വാട്സാപ്പ് ചാറ്റ്ബോട്ട് സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ലോകത്ത് എവിടെയും ഉള്ള സഞ്ചാരികൾക്ക് അനായാസം നമ്മുടെ നാടിനെ കുറിച്ച് കൂടുതൽ മനസിലാക്കാനും യാത്രാ വിവരങ്ങൾ ചോദിച്ച് അറിയാനും ഉള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ അസിസ്റ്റന്റ് ആണ് 'മായ.' ഇത് കൂടാതെ കേരളാ ടൂറിസത്തെ കുറിച്ച് കൂടുതൽ അറിയാൻ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച 'ആപ്പും' പ്രവർത്തിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മുന്തിയ നിലവാരത്തിലുള്ള ശുചിമുറിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോക നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ "കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക്" എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ് ലെറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്.<br><br>ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ് ലെറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബേക്കൽ, പൂക്കോട്, കാരാപ്പുഴ, കോഴിക്കോട് ഭട്ട്റോഡ്, വർക്കല എന്നീ വർക്കുകൾ പൂർത്തീകരിച്ച് വരുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്ന ടൂറിസം ഹബ്ബുകൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ